ഉത്തരം

(എ-ഡി) വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ട് വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

അയിരൂർ പഞ്ചായത്തിൽ മൃഗാശുപത്രി സ്ഥാപിക്കുന്നതിന് നടപടി

185 (187) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുവാൻ പത്തനംതിട്ട ജില്ലാ വെറ്ററിനറി ആഫീസർക്ക് നിർദ്ദേശം നൽകുമോ ;

(സി) ഇതിനായി 2001-2002-ലെ ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിക്കുമോ ?

ഉത്തരം

(എ-സി) ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നപക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

186 (188) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ തിരുവനന്തപുരം ജില്ലയിലെ സബ്സെന്ററുകളിൽ കാഷ്വൽ പാർട്ട്-ടൈം ജീവനക്കാരായി വർഷങ്ങളായി ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിൻമേൽ എന്ത് നടപടി സ്വീകരിച്ചുഎന്ന് വ്യക്തമാക്കാമോ ;

(സി) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നിവേദനങ്ങൾ പരിശോധിക്കുകയും സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ലെന്നു ബോദ്ധ്യപ്പെടുകയും ചെയ്തു. ഈ വിവരം ഹർജി നൽകിയവരെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഇന്നത്തെ നടപടിക്രമങ്ങൾ അനുസരിച്ച് നിർവ്വാഹമില്ല.

കാമധേനു ഇൻഷ്വറൻസ് പദ്ധതി

187 (189) ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതിപ്രകാരം എത്ര കന്നുകാലികളേയും അവയുടെ ഉടമകളേയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾ ഏതെല്ലാം ;

(സി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമാണോ ;

(ഡി) ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതിപ്രകാരം നാളിതുവരെ 97,361 കന്നുകാലികളേയും 1,58,546 ഉടമകളും അവരുടെ കുടുംബാംഗങ്ങളേയും ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി&ഡി) തൃപ്തികരമാണ്. എങ്കിലും കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾ വഴി പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.

പച്ചപ്പുൽ കൃഷി വികസനം

188 (190) ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചപ്പുൽകൃഷി വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly